ഉത്തരം.

(എ) ഇല്ല.

(ബി) ചെലവാക്കേണ്ട തുകയുടെ രണ്ട് ശതമാനം പോലും തുടായം ഇതിൽനിന്നും കിട്ടുവാൻ സാദ്ധ്യത ഇല്ലാത്തതാണ് മേൽ നട പടി നടത്താത്തതിനു കാരണം.

(സി) മാഞ്ഞൂരിലേക്ക് എലക്ട്രിസിറ്റി നീട്ടിയിട്ടുണ്ട്. അവിടെ കൂടുതൽ സ്ഥലങ്ങളിൽ വിദ്യുച്ഛക്തി നീട്ടുന്നകാര്യം ആലോചന യിലിരിക്കുകയാണ്.

കഥാപ്രസംഗകാളേജും കഥകളിപരിശീലനമന്ദിരവും.

208. (36) ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്–ചാലക്കുടി കമ്മ്യൂണിറ്റിപ്രോജക്റ്റിലേക്ക് 1953 സെപ്റ്റംബർ മാസത്തിൽ കഥാപ്രസംഗകാളേജ നുവേണ്ടി ശ്രീ. കൈമാപ്പറമ്പനും, കഥകളി പരിശീലനമന്ദിരത്തിനു ശ്രീ. കലാമണ്ഡലം കൃഷ്ണൻനായരും കാരോ പദ്ധതികളും സമർപ്പിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) ഇത്രകാലമായിട്ടും അതിനെ സംബന്ധിച്ച് ഒരു മറുപടി അവർക്ക് അയയ്ക്കാത്തതിന്റെ കാരണമെന്താണ്;

(ഡി) കഥകളി പ്രോത്സാഹനത്തിനു ഗവണ്മെൻറിൽ നിന്നും അയ്യായിരം രൂപ ഗ്രാൻറ് നൽകുകയുണ്ടായോ;

(ഇ) കഥാപ്രസംഗകാളേജിനു എന്തുകൊണ്ടാണ് അപ്രകാരമുള്ള ഗ്രാൻറ് അനുവദിക്കാത്തത്?

ഉത്തരം.

(എ) ശ്രീ. കൈമാപ്പറമ്പൻ തന്റെ സ്വന്തം നിലയിൽ ഒരു പദ്ധതിസമർപ്പിച്ചിരുന്നു. കഥകളിക്ക് ഒരു കമ്മിറ്റി തയ്യാറാക്കിയ ഒരു പദ്ധതിയാണു സമർപ്പിച്ചിരുന്നത്.

(ബി) കഥകളുടെ ചില ഉപാധികളിന്മേൽ അനുവദിച്ചു. കഥാപ്രസംഗത്തിനു പരിശോധനയ്ക്കു ശേഷം പ്രായോഗികമല്ലെന്നു തോന്നുകയാൽ തിരസ്കരിച്ചു.

(സി) ശ്രീ. കൈമാപ്പറമ്പൻ തന്റെ പദ്ധതി ഔപചാരിക മായി സമർപ്പിച്ചതു കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റ് ആഫീസക്കാണ്. ഗവണ്മെൻറിന്റെ തീരുമാനം രണ്ടു പദ്ധതികളെ സംബന്ധിച്ചും പ്രോജക്റ്റ് ആഫീസറെ അറിയിച്ചിട്ടുണ്ട്.

(ഡി) ഒരു കലാലയം നടത്തുന്നതിലേക്ക് ആവശ്യമുള്ള സാമഗ്രികൾ വാങ്ങുന്നതിനു ചില വ്യവസ്ഥകൾക്കു വിധേയമായി അയ്യായിരം രൂപ ഗ്രാൻറ് അനുവദിച്ചു. തുക ഇതുവരെയും നൽകിയിട്ടില്ല.

(ഇ) ശ്രീ. കൈമാപ്പറമ്പൻ സമർപ്പിച്ച പദ്ധതി പ്രായോഗിക മല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടു. എന്നാൽ അദ്ദേഹം സമർപ്പിച്ച വേറൊരു പദ്ധതി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly